**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 194** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഏലപ്പുള്ളി താലൂക്ക് ആശുപത്രി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ ഏലപ്പുള്ളി താലൂക്ക് ആശുപത്രിയുടെ നവീകരണത്തിനും, അടിസ്ഥാന സൗകര്യ വിപുലീകരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ഏലപ്പുള്ളി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവർത്തിക്കായി മലമ്പുഴ നിയോജക മണ്ഡലം എം.എൽ.എ യുടെ ആസ്തി വികസന പദ്ധതി ഫണ്ടിൽ നിന്നും 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിനുള്ള അനുമതി നൽകുകയും ആയതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ ഏലപ്പുള്ളി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്നതിനായുള്ള എസ്റ്റിമേറ്റും പ്ലാനും പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിക്ക് നബാർഡ് ഫണ്ട് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ